## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3595      17.10.2011-ൽ മറുപടിക്ക്

### അരൂക്കുറ്റി ആശുപത്രി നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം.ആരിഫ് : | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) അരൂക്കുറ്റി ആശുപത്രിയിൽ എൻ.ആർ.എച്ച്.എം മുഖേന നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിൽ എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത് ; | (എ) അരൂക്കുറ്റി സാമൂഹിക ആരോഗ്യ കേന്ദ്രത്തിന്റെ നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ എൻ.ആർ.എച്ച്.എം ന്റെ ഈ വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (ബി) പ്രസ്തുത കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് തുക എത്രയാണ് ; നിർമ്മാണ പദ്ധതിക്ക് അംഗീകാരം ലഭ്യമായിട്ടുണ്ടോ ; | (ബി) ഇതിനായി പ്രോജക്ടും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടില്ല. |
| (സി) പ്രസ്തുത നിർമ്മാണ പ്രവൃത്തി എന്ന് ടെണ്ടർ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത് ; നിർമ്മാണം എന്ന് തുടങ്ങാനാകുമെന്നും എന്ന് പൂർത്തിയാകുമെന്നും വ്യക്തമാക്കാമോ ? | (സി) അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര എൻ.ആർ.എച്ച്.എം ന്റെ അംഗീകാരം ലഭിച്ചാൽ മാത്രമേ ടെൻഡർ ഉൾപ്പെടെയുള്ള മറ്റ് നടപടിക്രമങ്ങളുമായി മുൻപോട്ടു പോകാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ